# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**

**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 10/871/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 20/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 10/871/2023 തീയ്യതി: 20/12/2023

## കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 02-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2023 | 02-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

വിനോദ് കുമാർ.സി ,ഓഡിറ്റ് ഓഫീസർ
തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ.എം, സീനിയർഗ്രേഡ് ഓഡിറ്റർ
സുധീഷ്.എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു.വി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സത്താർ വടക്കുമ്പാട് | പ്രസിഡന്റ് | 01-04-2022 | 06-01-2023 |
| ശ്രീമതി.ആനന്ദവല്ലി.ഇ.എം | പ്രസിഡന്റ് | 07-01-2023 | 12-02-2023 |
| ശ്രീ.വി.കെ.ബാവ | പ്രസിഡന്റ് | 13-02-2023 | 31-03-2023 |
| ശ്രീ.ഇ.വി.വേണുഗോപാലൻ | സെക്രട്ടറി | 01-04-2022 | 10-10-2022 |
| ശ്രീമതി.കോമളവല്ലി.കെ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-10-2022 | 13-10-2022 |
| ശ്രീ.വത്സൻ.എം | സെക്രട്ടറി | 14-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീ (വ |
|---|---|---|---|
| ശ്രീമതി.കോമളവല്ലി.കെ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31 2 |
| ശ്രീ.രജീഷ് കുമാർ.സി | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-04-2022 | 31 2 |
| ശ്രീ.അരവിന്ദൻ കൊട്ടാരത്തിൽ | കൃഷി ഓഫീസർ | 01-04-2022 | 29 2 |
| ശ്രീ.ശിവകുമാർ.വി | കൃഷി ഓഫീസർ | 30-07-2022 | 09 2 |
| ശ്രീമതി.റജീന.എ | കൃഷി ഓഫീസർ | 10-08-2022 | 31 2 |
| ശ്രീമതി.ശോഭ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 17 2 |
| ശ്രീമതി.ലൈല.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 18-01-2023 | 31 2 |
| ശ്രീമതി.രജിഷ കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തൃക്കരിപ്പൂർ സർക്കിൾ) | 01-04-2022 | 31 2 |
| ശ്രീ.പ്രസൂൺ.എസ്.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊയേങ്കര സർക്കിൾ) | 01-04-2022 | 31 2 |
| ശ്രീ.സദാനന്ദൻ എ.വി | പ്രധാനധ്യാപകൻ | 01-04-2022 | 31 2 |
| ഡോ.പി.പ്രശാന്ത് | വെറ്റിനറി സർജ്ജൻ | 01-04-2022 | 04 2 |
| ഡോ.ആശ.പി | വെറ്റിനറി സർജ്ജൻ | 05-04-2022 | 03 2 |
| ഡോ.പി.പ്രശാന്ത് | വെറ്റിനറി സർജ്ജൻ | 04-07-2022 | 31 2 |

| | | | |
|---|---|---|---|
| ഡോ.സാഹിദ് ബിൻ ഉസ്മാൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2022 | 31 2 |
| ഡോ.ഷാജു.ആർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31 2 |
| ഡോ.നാദിറ.എ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31 2 |
| ശ്രീമതി.രമ്യ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31 2 |
| ശ്രീ.ജിജോമോൻ.വി.സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 30 2 |
| ശ്രീ.വേണുഗോപാൽ.പി.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-12-2022 | 31 2 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം. | 1-1-2 |
| 4 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. | 1-1-3 |
| 5 | വിവാഹധനസഹായം ഇനത്തിൽ നൽകിയ തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ദുരിതാശ്വാസനിധി അക്കൗണ്ടിൽ തുക വ്യത്യാസം | 1-1-5 |
| 7 | കെ.എസ്.ഇ.ബി-ക്ക് നല്കിയ തുക അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | എ.സി.ആർ - വാർഷിക ധനകാര്യ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-8 |
| 10 | സ്ഥിരനിക്ഷേപം നീക്കിയിരിപ്പ് തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | സ്ഥിരനിക്ഷേപം - പലിശ വരവ് ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | വാർഷിക ധനകാര്യപത്രികയിൽ നെഗറ്റിവ് തുക വരവായി കാണിക്കുന്നു. | 1-1-11 |
| 13 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല. | 1-1-12 |
| 14 | ബാലൻസ് ഷീറ്റിലെ മറ്റ് പ്രധാന അപാകതകൾ | 1-1-13 |
| 15 | 'Directly Debited By Bank ' -വിവരം ലഭ്യമാക്കിയില്ല. | 1-1-14 |
| 16 | 'Directly Credited By Bank ' -വിവരം ലഭ്യമാക്കിയില്ല. | 1-1-15 |
| 17 | വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-16 |
| 18 | ജേർണൽ എൻട്രികൾ ആധികാരികമല്ല | 1-1-17 |
| 19 | RP-40(B)ക്യാഷ് & ബാങ്ക് ബാലൻസിലെ അപാകത | 1-1-18 |
| 20 | ലൈബ്രറി ഗ്രാന്റ് ചെലവുകൾക്കനുസരിച്ച് ബാദ്ധ്യതാ തുകകളിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടില്ല. | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം. | 1-4 |

| | | |
|---|---|---|
| 24 | പദ്ധതി അവലോകനം. | 1-5 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 27 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 29 | തനതുവരുമാനം - അവലോകനം | 1-10 |
| 30 | കെട്ടിട നിർമ്മാണം- നിർമ്മാണം ക്രമവത്കരണം തുടങ്ങിയവയിലെ അപാകതകൾ | 1-11 |
| 31 | പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരന്റെ ആർജിത അവധി കണക്കാക്കുന്നതിൽ അപാകത. | 1-12 |
| 32 | ധനകാര്യകമ്മീഷൻ ഗ്രാന്റിൽ (ടൈഡ്) നിന്നും തൻ വർഷത്തെ കുടിവെള്ളക്കരം ഒടുക്കിയത്- അപാകത | 1-13 |
| 33 | പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയ പൊതു ടാപ്പുകൾ ഒഴിവാക്കി കുടിവെള്ളക്കര ഡിമാന്റ് ക്രമീകരിച്ചിട്ടില്ല | 1-14 |
| 34 | നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-15 |
| 35 | തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ വിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-16 |
| 36 | ഡി.പി.സി ഹാൾ നിർമ്മാണം ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-17 |
| 37 | കാലിത്തീറ്റ വിതരണം - സബ്സിഡി അനുവദിച്ചതിൽ അപാകത | 1-18 |
| 38 | 2021-22 വർഷം അനുവദിച്ച സബ്സിഡി ആനുകൂല്യം അക്കൗണ്ടിൽ ലഭ്യമാകാത്തവർക്ക് തൻവർഷം വീണ്ടും അനുവദിച്ചത്- ട്രഷറി ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-19 |
| 39 | പശുവിതരണ പദ്ധതി - അപാകത | 1-20 |
| 40 | വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ കാർഷിക സാമഗ്രികൾ വാങ്ങി. | 1-21 |
| 41 | ഹോമിയോ ഡിസ്പെൻസറി -മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-22 |
| 42 | വൾവക്കാട് വി കെ പി റോഡ് ഡ്രൈനേജ് നിർമ്മാണം വ്യത്യസ്ത പ്രൊജക്ടുകളായി നിർവ്വഹണം നടത്തി- ചെയിനേജ് വിവരം ലഭ്യമല്ല- സൈറ്റ് പ്ലാൻ പ്രകാരം ഒരേ സ്ഥലത്ത് രണ്ട് പ്രവൃത്തികൾ നടപ്പാക്കി. | 1-23 |

| | | |
|---|---|---|
| 43 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല. | 1-24 |
| 44 | പാലിന് സബ്സിഡി- പാൽ അളക്കാത്ത വ്യക്തിക്ക് സബ്സിഡിയിനത്തിൽ തുക നൽകി. | 1-25 |
| 45 | സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം - FTE&OS ലൈസൻസ് നേടിയിട്ടില്ല. | 1-26 |
| 46 | വിദ്യാർത്ഥികൾക്ക് പഠനമുറി - മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ ധനസഹായം നൽകി. | 1-27 |
| 47 | വയോജനങ്ങൾക്ക് കട്ടിൽ - വിതരണ വിവരം ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 1-28 |
| 48 | വി ഇ ഒ നിർവ്വഹണം നടത്തിയ ഭവന പദ്ധതികൾ - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-29 |
| 49 | മുൻകൂർ യാത്രാ ബത്ത നൽകിയത് ക്രമീകരിച്ചിട്ടില്ല. | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കാലിത്തീറ്റ വിതരണം -സബ്സിഡി അനുവദിച്ചതിൽ അധികച്ചെലവ് | 3-1 |
| 2 | പാലിന് സബ്സിഡി- പാൽ അളക്കാത്ത വ്യക്തിക്ക് സബ്സിഡിയിനത്തിൽ തുക നൽകി. | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | രസീപ്റ്റ് & പേയ്മെൻ്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം –1

# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.07.2023 ലെ കമ്മിറ്റി തീരുമാനം നം 2/1 പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

20.12.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

**1-1-2 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ചു നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2023 മാർച്ച് 31 ന് മാത്രമാണ്.

**1-1-3 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.**

തൻവർഷത്തെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-11 (A) പ്രകാരമുള്ള ഡിപ്രിസിയേഷൻ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-4 വിവാഹധനസഹായം ഇനത്തിൽ നൽകിയ തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

വിവാഹ ധനസഹായമിനത്തിൽ 2022-23 വർഷം 6 ഗുഭോക്താക്കൾക്കായി 1,80,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്ക് I-14 D-ൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-5 ദുരിതാശ്വാസനിധി അക്കൗണ്ടിൽ തുക വ്യത്യാസം**

ദുരിതാശ്വാസനിധി അക്കൗണ്ടിൽ (നം.101070010778 TFSC Bank) ൽ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം 13,266രൂപയാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2 പ്രകാരം ആയത് 26,646 രൂപയാണ്. കാരണം വ്യക്തമാക്കേണ്ടതാണ്.

**1-1-6 കെ.എസ്.ഇ.ബി-ക്ക് നല്കിയ തുക അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.**

പ്രോജക്ട് നം.5/23 വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് ലൈൻ വിപുലീകരണം എന്ന പദ്ധതിക്കായി 11,40,553/-രൂപ (11,00,000 + 40,553) കെ.എസ്.ഇ.ബി-ക്ക് നൽകിയിട്ടുണ്ട്, എന്നാൽ ഈ തുക Advance To Implementing Agencies- Deposit With Kerala Electricity (460500202) എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

**1-1-7 എ.സി.ആർ - വാർഷിക ധനകാര്യ പത്രിക പൊരുത്തപ്പെടുന്നില്ല.**

2022-23 വർഷത്തെ എ.സി.ആർ പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവുമുള്ള തുകയിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | വാർഷികധനകാര്യ പത്രിക പ്രകാരം ചെലവ്. (സ്രോതസ്സിൽ നിന്നും ഈടാക്കിയ തുക കൂടാതെ) | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട്SCP | 44,79,410 | 44,29,410 | 50,000 |
| MG- NR | 69,41,517 | 69,39,017 | 2,500 |

**1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-9 സ്ഥിരനിക്ഷേപം നീക്കിയിരിപ്പ് തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

2022-23 സാമ്പത്തിക വർഷത്തിൽ സ്ഥിര നിക്ഷേപമിനത്തിൽ ധനകാര്യപത്രിക ബി- 12 പ്രകാരം 2,20,42,381/-രൂപയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ 2,16,12,208/- രൂപയാണ് നീക്കിയിരിപ്പുള്ളത്. 4,30,173 രൂപയുടെ വ്യത്യാസം.

**1-1-10 സ്ഥിരനിക്ഷേപം – പലിശ വരവ് ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

2022-23 സ്ഥിരനിക്ഷേപം- പലിശ വരവ് ധനകാര്യപത്രിക I-7 ഷെഡ്യൂൾ പ്രകാരം 15,60,904/- രൂപയാണ് എന്നാൽ സ്ഥിരനിക്ഷേപ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 12,92,512/- രൂപയാണ് വരവായി ഉള്ളത്. 2,68,392 രൂപയുടെ വ്യത്യാസം.

**1-1-11 വാർഷിക ധനകാര്യപത്രികയിൽ നെഗറ്റീവ് തുക വരവായി കാണിക്കുന്നു.**

I-9 ഷെഡ്യൂൾ Other Income എന്ന ഇനത്തിൽ 180800103-Receipts Towards Postal Charges എന്ന ഹെഡിൽ -100 രൂപ വരവായി കാണിക്കുന്നു. Postal Charges ഇനത്തിലെ ചെലവ് തുക തെറ്റായി അക്കൗണ്ട് ചെയ്തതാണ് മൈനസ് എൻട്രി വരാൻ കാരണം.

**1-1-12 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.**

ബാലൻസ് ഷീറ്റ് B-7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല (Suppliers Emd, Suppliers Security Deposit Etc.)

**1-1-13 ബാലൻസ് ഷീറ്റിലെ മറ്റ് പ്രധാന അപാകതകൾ**

2022-23ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ട്, ഇ-പെയ്മെന്റ് അക്കൗണ്ടുകൾ എന്നിവയിൽ വിവിധ ഗ്രാന്റുകളും ഫണ്ടുകളും അക്കൗണ്ട് ചെയ്തിട്ടുണ്ട്. (ഉദാ- ശുചിത്വമിഷൻ ഗ്രാന്റ്, സമഗ്ര ശിശുവികസന പദ്ധതി വിഹിതം, എന്നിവ). ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പൈക്ക, സാക്ഷരത, MGNREGA തുടങ്ങിയവയുടെ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റ് B-4, B-17 എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ മേൽ വിവരിച്ച അക്കൗണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അതത് ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാനും സാധിക്കുന്നില്ല.

**1-1-14 'Directly Debited By Bank ' -വിവരം ലഭ്യമാക്കിയില്ല.**

അക്കൗണ്ട് നം.TFB0101070013752 (TF SCB)-ന്റെ 2023 മാർച്ച് മാസത്തെ റീകൺസിലേഷൻ പത്രികയിൽ 'Directly Debited By Bank ' ഇനത്തിൽ 1,01,305 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

**1-1-15 'Directly Credited By Bank ' -വിവരം ലഭ്യമാക്കിയില്ല.**

അക്കൗണ്ട് നം.40531100002768 (KGB )-ന്റെ 2023 മാർച്ച് മാസത്തെ റീകൺസിലേഷൻ പത്രികയിൽ 'Directly Credited By Bank 'ഇനത്തിൽ 66,348 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുകയിൽ 14,136/- രൂപ ബാങ്ക് പലിശയും 26,743/- രൂപ സ്ഥിരനിക്ഷേപ ഇനത്തിലെ പലിശയുമാണ്. ഇതുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ്, സ്ഥിരനിക്ഷേപ പത്രിക എന്നിവ പരിശോധിച്ചപ്പോൾ മേൽ തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിലും ബാങ്ക് ബുക്കിൽ ചേർത്തിട്ടില്ല.

**1-1-16 വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല**

വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ചുവടെ ചേർത്ത ഹെഡുകൾ പ്രകാരമുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. (പ്രോജക്ട് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ സഹിതം).

312100125 Capital Contribution--Intergrated Child Development Service 1,06,002.

312100201 Capital Contribution--Development Fund -General - Capital 48,73,819

312100202 Capital Contribution--Development Fund-Special Component Plan – Capital 10,36,765

312100204 Capital Contribution--Development Fund-Central Finance Commission Grant -Basic Tax Grant 82,89,936

312100205 Capital Contribution--Development Fund-Central Finance Commission Grant-Performance Grant 22,29,484

312100211 Capital Contribution--Development Fund -Central Finance Commission Grant –Tied Fund 41,36,316

312100301 Capital Contribution--Maintenance Grant - Road 1,37,61,197

312100302 Capital Contribution--Maintenance Grant - Non-Road 20,23,255

ബി).ഷെഡ്യൂൾ B4ലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പുകൾ ഏതൊക്കെ ആവശ്യങ്ങൾക്ക് എവിടെ നിന്ന് ലഭിച്ചു എന്നും നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ ബാങ്ക് അക്കൗണ്ടുകളിലാണ് നിലവിലുള്ളത് എന്നും വിശദീകരിച്ചിട്ടില്ല.

320100128 Mahatma Gandhi National Rural Employment Guarantee Scheme 8,607

320100148 National Rural Drinking Water Programme 10,000.

320100152 Other Schemes 15,616

320100153 Panchayat Yuva Krida Aur Khel Abhiyan 21,991

320100181 Total Sanitation Campaign 26,313

320100194 Library Grant 14,050

320100196 Integrated Child Developement Scheme 1,799,290

320100197 Literacy Scheme Grant 76,078

320100198 Grant From Suchitwa Mission- 33,89,386

320100999 Other Liabilities- 49,839

320200104 Development Fund - Central Finance Commission Grant - Basic Tax Grant- 9,23,089

320200113 Development Fund - Central Finance Commission Grant – Tied Fund- 26,55,958

320200399 Grants, Funds & Contributions For Specific Purposes - Other Than

Development Fund And State Sponsored Scheme Funds - Other Purposes- 27,42,733

320300199 Grants, Funds & Contributions For Specific Purposes - Other Government Agencies- 2,00,000

320400199 Grants,Funds&Contributions For Specific Purposes-Other Financial Institutions- 447

320700204 Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats- 2,64,269

320700205 Contributions For Joint Venture Projects (For Revenue Expenditure) – From District Panchayats- 9,20,000

320700404 Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats- 21,000

320800101 Beneficiary Contributions- 2,02,698

320800102 Beneficiary Contribution (Direct Expenditure)- 8,13,250

320900102 Donations Related To Pandemic/Epidemic Control- 40,100

സി) B9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

350300112 Government And Other Dues Payable -Value Of Court Fee Stamp- 3,085

350300199 Government And Other Dues Payable - Others- 1,150

**1-1-17 ജേർണൽ എൻട്രികൾ ആധികാരികമല്ല**

ജേർണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജേർണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേർണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേർണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-18 RP-40(B)ക്യാഷ് & ബാങ്ക് ബാലൻസിലെ അപാകത**

**A).**ക്യാഷ്&ബാങ്ക് ബാലൻസിൽ ഉൾപ്പെടുത്തിയ വിജയാബാങ്ക് അക്കൗണ്ട് നം 203903291000294-ൽ 31.3.2023-ൽ 16,534 രൂപ ബാലൻസ് കാണിക്കുന്നു. എന്നാൽ ഈ തുക ഇൻവെസ്റ്റ്മെന്റ് ആണ്. 420800101-Investments-Fixed Deposit-ൽ ഉൾപ്പെടുത്തിയ തുകയാണിത്. തെറ്റായി ബാങ്ക് ബാലൻസിൽ ഉൾപ്പെടുത്തിയതാണ്.

**B).**വാർഷിക ധനകാര്യ പത്രിക പ്രകാരം തൃക്കരിപ്പൂർ FSC ബാങ്കിൽ സാക്ഷരതാ അക്കൗണ്ട് ഇനത്തിൽ രണ്ട് ബാങ്ക് അക്കൗണ്ട് ഉള്ളതായി കാണുന്നു. സാക്ഷരതാ അക്കൗണ്ടിങ്ങിൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്. Literacy Scheme Grant ഇനത്തിൽ 320100197-ൽ ഓഡിറ്റ് വർഷം 38,785 രൂപ വരവ് വന്നതായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ട്, ഈ തുക തെറ്റായിട്ടാണ് വരവിലെടുത്തിട്ടുള്ളത്. 31.3.2022- ന് ബാലൻസുണ്ടായിരുന്ന 37,293 രൂപയും ആയതിന് തൻവർഷം ലഭിച്ച പലിശയായ 1,492 രൂപയുമടക്കമാണ് വീണ്ടും വരവിലെടുത്ത് ബാങ്ക് ബാലൻസായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. മേൽ അപാകത പരിഹരിക്കേണ്ടതാണ്.

**1-1-19 ലൈബ്രറി ഗ്രാന്റ് ചെലവുകൾക്കനുസരിച്ച് ബാദ്ധ്യതാ തുകകളിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടില്ല.**

ലൈബ്രറി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയിൽ നിന്ന് 13,610 രൂപയുടെ ബുക്ക് കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും ചെക്ക് നം 01057009/തീ.8.12.2022 പ്രകാരം വാങ്ങിയിട്ടുണ്ട്. ആയത് ബാധ്യതയിൽ നിന്നും കുറവ് (320100194) വരുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1<br>25/03/2022 | 2/1<br>22/03/2023 |
| മുന്നിരിപ്പ് | 27841325 | 51237089 |
| വരവ് | 275835000 | 311917183 |
| ആകെ | 303676325 | 363154272 |
| ചെലവ് | 281385344 | 332704614 |
| നീക്കിയിരിപ്പ് | 22290981 | 30449658 |

**1-3 സാമ്പത്തിക വിശകലനം**

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 25413896 |
| വരവ് | 81397207 |
| ആകെ | 106811103 |
| ചെലവ് | 83139222 |
| നീക്കിയിരിപ്പ് | 23671881 |
| വരവ് കണക്കുകളിന്മേലുള്ള നഷ്ടം | - |
| ചെലവ് കണക്കുകളിന്മേലുള്ള നഷ്ടം/ ഓഡിറ്റിൽ നിരാകരിച്ച തുക | 35968/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5068494/- |

**1-4 ഗ്രാന്റ് വിനിയോഗം.**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായതുക |
|---|---|---|---|---|---|
| വികസനഫണ്ട്പൊതുവിഭാഗം | 0 | 2,37,60,000 | 2,37,60,000 | 2,15,39,343 | 22,20,657 |
| വികസനഫണ്ട് എസ്.സി.പി. | 0 | 61,98,000 | 61,98,000 | 50,15,299 | 11,82,701 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| MG-റോഡ് | 0 | 2,10,36,000 | 2,10,36,000 | 1,64,77,919 | 45,58,081 |
| MG-നോൺറോഡ് | 0 | 69,42,000 | 69,42,000 | 69,39,017 | 2,983 |
| CFC ബേസിക് ഗ്രാന്റ് Try | 0 | 0 | 0 | 0 | 0 |
| CFC ബേസിക് ഗ്രാന്റ് Bank | 6,48,775 | 43,22,166 | 49,70,941 | 40,47,852 | 9,23,089 |
| CFC -(Tied)- Try | 0 | 1,38,298 | 1,38,298 | 64,498 | 73,800 |
| CFC -(Tied)- Bank | 21,69,141 | 61,97,000 | 83,66,141 | 57,10,183 | 26,55,958 |

| | | | | | |
|---|---|---|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിവാഹ ധനസഹായം | 0 | 1,80,000 | 1,80,000 | 1,80,000 | 0 |
| സംയുക്ത പദ്ധതി | | | | | |
| ബ്ലോക്ക്പഞ്ചായത്ത് | 2.64,269 | 22,06,923 | 24,71,192 | 22,06,923 | 2.64,269 |
| ജില്ലാ പഞ്ചായത്ത് | 14,20,000 | 5,15,507 | 19,35,507 | 10,15,507 | 9,20,000 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 0 | 5,56,758 | 5,56,758 | 5,53,955 | 2,803 |
| ICDS കേന്ദ്ര വിഹിതം | 17,42,966 | 14,18,712 | 31,61,678 | 13,62,388 | 17,99,290 |
| ടോട്ടൽ സാനിറ്റേഷൻ | 26,313 | 0 | 26,313 | 0 | 26,313 |
| പൈക്ക | 20,682 | 0 | 20,682 | 0 | 20,682 |
| എസ്.എസ്.എ | 97,377 | 0 | 97,377 | 0 | 97,377 |
| ഹെൽത്ത് ഗ്രാന്റ് - I | 0 | 1,36,827 | 1,36,827 | 0 | 1,36,827 |
| ഹെൽത്ത് ഗ്രാന്റ് - II | 0 | 2,67,895 | 2,67,895 | 0 | 2,67,895 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| സാക്ഷരത | 37,293 | 1,492 | 38,785 | 0 | 38,785 |
| ആശ്രയ ചലഞ്ച് ഫണ്ട് | 10,92,772 | 0 | 10,92,772 | 10,92,772 | 0 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | - | 10,00,000 | 10,00,000 | 3,60,000 | 6,40,000 |
| ദുരിതാശ്വാസ നിധി | 1,46,917 | 4,54,229 | 6,01,146 | 5,77,500 | 26,646 |
| ബയോഡൈവേഴ്സിറ്റി | 5,04,063 | 14,457 | 5,18,520 | 1,13,653 | 4,04,867 |
| വിമുക്തി | 85,590 | 0 | 85,590 | 0 | 85,590 |
| ലൈബ്രറി ഗ്രാന്റ് | 440 | 13,610 | 14,050 | 13,610 | 440 |
| ബഡ്സ് സ്കൂൾ | 2,00,000 | 0 | 2,00,000 | 0 | 2,00,000 |

കുറിപ്പ് :

1)വികസന ഫണ്ട് ജനറൽ 24,90,880രൂപ (ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 7,82,680 രൂപയും അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 17,08,200 രൂപ), ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ എസ്.സി.പി 5,85,889 രൂപ എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറച്ച തുകകളും മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2022-23വർഷം 5,65,00317/-രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2022-23 വർഷം 6,06,88,600രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ(DBT)ചെയ്തിട്ടുണ്ട്.( ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(D))

4) ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബജറ്റ് അലോട്ട്മെന്റിൽ 23.06.22 ലെ സ.ഉ (സാധാ) നം 4585/2022/ധന നമ്പർ ഉത്തരവ് പ്രകാരം മുൻവർഷം ലാപ്സായ 1,38,298രൂപയും(ടൈഡിൽ) അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം 1,93,66,000/- രൂപ വരവുണ്ട് .

6) ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബാങ്ക് ബാലൻസായി 31.3.2023-ന് 44,29,080 രൂപയാണുള്ളത്, ഈ തുകയിൽ 26,55,958 രൂപ(ടൈഡിൽ), 9,23,089 രൂപ(അൺ-ടൈഡിൽ), ധനകാര്യകമ്മീഷൻ ഗ്രാന്റ് ജില്ലാ പഞ്ചായത്ത് വിഹിതം 8,00,000 രൂപ, 2022-23 വർഷം റീ-ടെൻഷൻ ഇനത്തിൽ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ട 40,473 രൂപ, ഓഡിറ്റ് വർഷം റിക്കവറി ഇനത്തിൽ അടവാക്കാൻ ബാക്കിയുള്ള 9,560 രൂപ എന്നിവ ഉൾപ്പെടെയുള്ളതാണ്.

7). ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം(അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം.

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .**

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 149257261 | 170 | 78474067 | - | 46 | 78.70 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 30 | 11876579 | 26 | 9223107 | 77.65 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 2026500 | 9 | 1396239 | 68.89 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 101 | 62365990 | 69 | 32749429 | 52.51 |
| 4 | കൃഷി ഓഫീസർ | 9 | 3971950 | 9 | 3971950 | 100 |
| 5 | വെറ്റിനറി സർജ്ജൻ | 7 | 3420400 | 7 | 2010986 | 58.79 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 20 | 46863021 | 16 | 13193131 | 28.15 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8131830 | 9 | 6876309 | 84.56 |
| 8 | പ്രധാനധ്യാപകൻ | 10 | 2638391 | 8 | 1905308 | 72.21 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 1100000 | 4 | 1061888 | 96.53 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 9 | 4637133 | 7 | 4183079 | 90.20 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 814000 | 2 | 813447 | 99.93 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1100000 | 1 | 780231 | 70.93 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 311467 | 3 | 308963 | 99.19 |

| | ആകെ | 216 | 149257261 | 170 | 78474067 | 52.57 |
|---|---|---|---|---|---|---|

**1-6 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 7,23,359 | 7,23,359 | 7,20,556 | 2,803 |
| വേതനം , മെറ്റീരിയൽ കോസ്റ്റ്എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 5,22,19,691 | 5,22,19,691 | 5,22,19,691 | 0 |
| ആകെ | 0 | 5,29,43,050 | 5,29,43,050 | 5,29,40,247 | 2,803 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 4407 പദ്ധതികളുൾപ്പെടുന്ന 109.04 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 239 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 147144 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1133 കുടുംബങ്ങളുണ്ട്.

**1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം**

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4477000 | 426 |
| വിധവാപെൻഷൻ | 19433200 | 1971 |
| വാർദ്ധക്യകാലപെൻഷൻ | 30370400 | 3050 |
| വികലാംഗപെൻഷൻ | 5400800 | 499 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1007200 | 94 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-11-2023 തീയതിയിൽ 11.40 P.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1030/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

1) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 10 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. മാസത്തിൽ ഒരു തവണയെങ്കിലും ഓഫീസ് ജീവനക്കാരുടെ യോഗം ചേർന്ന് ജോലി പുരോഗതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

2) അക്കൗണ്ടിംഗ് രേഖകളുടെ സൂക്ഷിപ്പ് :

രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

3) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

4) ഓഡിറ്റ് വർഷം 37 തവണ പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ തുടർ യോഗങ്ങളിൽ നടത്തിയതായി മിനുട്ട്സുകളിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

5) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ പെൻഷൻ അപേക്ഷകൾ ലഭിച്ചത്, അവയിന്മേലുള്ള തീരുമാനം, നിരസിച്ച പെൻഷൻ അപേക്ഷകൾ, നിരസിക്കാനുള്ള കാരണങ്ങൾ, അംഗീകരിച്ച പെൻഷൻ അപേക്ഷകൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മരണപ്പെടുന്ന ഗുണഭോക്താക്കളുടെ പെൻഷനുകൾ റദ്ദാക്കിയത് സംബന്ധിച്ച തീരുമാനങ്ങൾ കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

6) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 5/5/2022, 25/5/2022, 28/9/2022, 22/11/2022, 09/01/2023, 28/01/2023, 28/02/2023, 4/03/2023, 7/03/2023, 21/03/2023 എന്നീ തിയതികളിൽ യോഗം ചേർന്ന് വാങ്ങൽ നടപടികളിൽ ആവശ്യമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

7) കുടിവെള്ള പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി 2021 നവംബറിൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതനുസിച്ച് 132 പൊതു ടാപ്പുകൾ ഒഴിവാക്കുവാൻ തീരുമാനം എടുത്തിരുന്നുവെങ്കിലും ആയതിനുള്ള തുക ഒടുക്കിയിട്ടുള്ളത് 2023 ഓഗസ്റ്റിലാണ്. പ്രവർത്തനക്ഷമമല്ലാത്ത കണക്ഷൻ വിഛേദിച്ച് കുടിവെള്ളക്കര ഡിമാന്റിൽ ആയത് പ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ല. ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.

## 1-10 തനതുവരുമാനം - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം

ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**<u>വസ്തുനികുതി.</u>**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ച വസ്തു നികുതി നിരക്കുകൾ 31.07.2023 ലെ 4/1/23 നം. തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | കുറഞ്ഞ നികുതി | കൂടിയ നികുതി | അംഗീകരിച്ച നികുതി |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 6 | 10 | 6 |
| 2 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ | 8 | 12 | 8 |
| 3 | പാർപ്പിടാവശ്യം- സ്വകാര്യ ഹോസ്റ്റൽ | 40 | 70 | 40 |
| 4 | പാർപ്പിടാവശ്യം- റിസോർട്ട് | 85 | 95 | 85 |
| 5 | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച,മീ വരെയുള്ളവ | 40 | 70 | 40 |
| 6 | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ. മുകളിലുള്ളവ | 55 | 75 | 55 |
| 7 | വ്യവസായത്തിനാവശ്യമുള്ളവ- പരമ്പരാഗത വ്യവസായ യൂണിറ്റുകൾ (കൈത്തറി ഷെഡ്, കയറുപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യസംസ്കരണ ഷെഡ്, മൺപാത്ര നിർമ്മാണ ഷെഡ്, കരകൌശല നിർമ്മാണ ഷെഡ്, കൈത്തൊഴിൽ ഷെഡ് തുടങ്ങിയവ ഉൾപ്പടെ | 6 | 10 | 6 |
| 8 | വ്യവസായത്തിനാവശ്യമുള്ളവ- കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ് | 8 | 12 | 8 |
| 9 | വ്യവസായത്തിനാവശ്യമുള്ളവ - ഇഷ്ടികച്ചൂള, തടിമിൽ | 20 | 30 | 20 |
| 10 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - മൈക്രോ സെക്ടർ | 12 | 22 | 12 |
| 11 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - സ്മാൾ സെക്ടർ | 12 | 22 | 12 |
| 12 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - മീഡിയം സെക്ടർ | 20 | 30 | 20 |
| 13 | ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 45 | 65 | 45 |
| 14 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ ( വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും | 6 | 10 | 6 |

| | | | | |
|---|---|---|---|---|
| | വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ തുടങ്ങിയവ ഉൾപ്പടെ) | | | |
| 15 | ആശുപത്രി | 20 | 30 | 20 |
| 16 | അമ്യൂസ് മെന്റ് പാർക്കുകൾ | 25 | 45 | 25 |
| 17 | മൊബൈൽ ടെലഫോൺ ടവർ | 500 | 600 | 500 |
| 18 | ടെലി കമ്മ്യൂണിക്കേഷൻ പോൾ (ഓരോന്നിന് ) | 450 | 600 | 450 |
| 19 | വാണിജ്യാവശ്യം- 100 ച.മീ വരെയുള്ളവ | 40 | 70 | 40 |
| 20 | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 60 | 80 | 60 |
| 21 | വാണിജ്യാവശ്യം- 500 ച.മീ മുകളിൽ | 80 | 100 | 95 |
| 22 | വാണിജ്യാവശ്യം- മാളുകൾ | 80 | 100 | 80 |
| 23 | വാണിജ്യാവശ്യം- സ്വതന്ത്രമായി നിൽക്കുന്നതും മാറ്റി സ്ഥാപിക്കാനാകുന്നതുമായ ബങ്കുകൾ, പെട്ടിക്കടകൾ | 6 | 10 | 6 |
| 24 | അസംബ്ലി ബിൽഡിംഗ് (കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപം, സിനിമ തിയേറ്റർ തുടങ്ങിയവ ഉൾപ്പടെ ) | 25 | 40 | 25 |
| 25 | ഓഫീസ് കെട്ടിടങ്ങൾ - സർക്കാർ ഓഫീസുകൾ | 6 | 10 | 6 |
| 26 | ഓഫീസ് കെട്ടിടങ്ങൾ - മറ്റ് ഓഫീസ് കെട്ടിടങ്ങൾ | 40 | 60 | 40 |
| 27 | ഗോഡൗൺ ഉൾപ്പടെ സ്റ്റോറേജ് കെട്ടിടങ്ങൾ - 500ച. മീ വരെയുള്ളവ | 40 | 70 | 40 |
| 28 | ഗോഡൗൺ ഉൾപ്പടെ സ്റ്റോറേജ് കെട്ടിടങ്ങൾ - 500ച. മീറ്ററിന് മുകളിലുള്ളവ | 75 | 95 | 75 |
| 29 | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ -ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ | 25 | 45 | 25 |
| 30 | ആയുർവേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ | 160 | 170 | 160 |

പുതുക്കിയ നിരക്കിലാണ് പഞ്ചായത്തിൽ വസ്തു നികുതി ഈടാക്കുന്നത്. വസ്തു നികുതി പരിഷ്കരണത്തിന്റെ അന്തിമ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |

| | |
|---|---|
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**<u>തൊഴിൽ നികുതി</u>**

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ (I) വകുപ്പ് പ്രകാരം , ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന പക്ഷം, പ്രസ്തുത സ്ഥാപനത്തിന്റെയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ, നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക വരുമാനപത്രികകൾ എന്നിവ പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന വിവിധ അൺ എയിഡഡ് / സ്വകാര്യ കോളജുകൾ, സ്വകാര്യ സംരംഭങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്ന എല്ലാവരുടെയും വിശദാംശങ്ങളും അവരുടെ തൊഴിൽനികുതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-11 കെട്ടിട നിർമ്മാണം- നിർമ്മാണം ക്രമവത്കരണം തുടങ്ങിയവയിലെ അപാകതകൾ</u>**

കെട്ടിട നിർമ്മാണം- നിർമ്മാണം ക്രമവത്കരണം തുടങ്ങിവയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു,

**<u>A).ഒക്യുപൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം-പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നില്ല.</u>**

പഞ്ചായത്തിൽ നിന്നും ഒക്യുപ്പൻസി ലഭിച്ചതിനു ശേഷം കെട്ടിടങ്ങളിൽ അനധികൃതമായ കൂട്ടിച്ചേർക്കലുകൾ വരുത്തുക, പാർക്കിംഗ് സ്ഥലങ്ങൾ കെട്ടി അടച്ച് കടമുറികളാക്കുക, കെട്ടിടത്തിന് ചുറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളിൽ നിർമ്മാണങ്ങൾ നടത്തുക എന്നിവയാണ് കൂടുതലായി കണ്ടുവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം ഗൗരവത്തിലെടുത്തുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള ഇത്തരം അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള

വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു. പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നതിനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10/ തീ.30.11.2023).

B).<u>റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമ്മാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-12 പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരന്റെ ആർജിത അവധി കണക്കാക്കുന്നതിൽ അപാകത.</u>**

01.11.1989 ലെ ജി.ഒ (പി)നം 480/89/ഫിൻ പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് 1/22 എന്ന നിരക്കിൽ ഒരു വർഷത്തിൽ ആർജിക്കാവുന്ന പരമാവധി ആർജിത അവധിയുടെ എണ്ണം 15 ദിവസമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. നാരായണൻ.കെ.വി-യുടെ സേവന പുസ്തകം പരിശോധിച്ചതിൽ 07.02.1994 മുതൽ 31.03.2009വരെയുള്ള കാലയളവിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ മുഴുവൻ ആർജിത അവധിയും കണക്കിലെടുത്തിട്ടുണ്ട്. ആയതിനാൽ ടിയാന്റെ 07.02.1994 മുതൽ 31.03.2009 വരെയുള്ള ആർജിത അവധിയുടെ കണക്ക് ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 9 തിയതി 30.11.2023).

**<u>1-13 ധനകാര്യകമ്മീഷൻ ഗ്രാന്റിൽ (ടൈഡ്) നിന്നും തൻ വർഷത്തെ കുടിവെള്ളക്കരം ഒടുക്കിയത്- അപാകത</u>**

തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ 2022-23 വർഷത്തെ കുടിവെള്ള ചാർജ്ജ് ഇനത്തിൽ പ്രൊജക്ട് നം.04/22-23 പ്രകാരം 1246818/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും (ടൈഡ് ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ധന വിനിയോഗ മാർഗ്ഗരേഖ സ.ഉ (കൈ).നം103/2020 തസ്വഭവ തി.30.6.2020 ഖ. 5.3 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ (A)ശുചിത്വം, ഖരമാലിന്യ സംസ്കരണം, ODFപദ്ധതികൾ നിലനിർത്തലും പുതിയവയും, (B) കുടിവെള്ള പ്രൊജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലസംരക്ഷണം, ജലസ്രോതസ്സുകളുടെ പരിപോഷണം എന്നീ മേഖലകളിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അഭ്യർത്ഥനയേ തുടർന്ന് ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കുന്നത് സംബന്ധിച്ച് ചില ഇളവുകൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ.(സാധ) നം.538/22/LSGD തി.07.03.2022)

ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട നിലവിലെ കുടിവെള്ള കുടിശ്ശിക ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്നും വിനിയോഗിക്കാവുന്നതാണ്. എന്നാൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതെ തൻവർഷത്തെ കുടിവെള്ളക്കരം ഒടുക്കുവാൻ പദ്ധതിപ്രകാരം തുക വിനിയോഗിച്ച് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | വൗച്ചർ നം & തിയതി | തുക |
|---|---|---|
| 1 | XVFC/22-23/P/16 -25/08/2022 | 493905 |
| 2 | XVFC/22-23/P/17 -03/09/2022 | 107559 |
| 3 | XVFC/22-23/P/21 -26/09/2022 | 107559 |
| 4 | XVFC/22-23/P/22 -27/10/2022 | 107559 |
| 5 | XVFC/22-23/P/25 -24/11/2022 | 107559 |
| 6 | XVFC/22-23/P/31 -22/12/2022 | 107559 |
| 7 | XVFC/22-23/P/33 -25/01/2023 | 107559 |
| 8 | XVFC/22-23/P/38 -17/02/2023 | 107559 |
| | ആകെ | 12,46,818/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/30.11.2023) സെക്രട്ടറി നൽകിയ മറുപടിയിൽ ഇ- ഗ്രാം സ്വരാജ് ഹാൻഡ് ബുക്ക് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് ഇത്തരത്തിൽ തുക വിനിയോഗിച്ചതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ സ.ഉ.(സാധ) നം.538/22/LSGD തി.07.03.2022 ഉത്തരവ് പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ (ടൈഡ്) നിന്നും കുടിശ്ശിക വെള്ളക്കരം ഒടുക്കാനാണ് അനുമതി നല്കിയിട്ടുള്ളത്. സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതെ തുക വിനിയോഗിച്ചതിനാൽ ചെലവ് തുക 12,46,818/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-14 പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയ പൊതു ടാപ്പുകൾ ഒഴിവാക്കി കുടിവെള്ളക്കര ഡിമാന്റ് ക്രമീകരിച്ചിട്ടില്ല</u>**

എ) ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി 8/11/2021 ൽ റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഇതുപ്രകാരം ആകെയുള്ള 355 പൊതു ടാപ്പുകളിൽ 132 ടാപ്പുകൾ പ്രവർത്തിക്കുന്നില്ലെന്ന് കാണുകയും ആയവ ഒഴിവാക്കുന്നതിനും ഗുണഭോക്താക്കൾ കുറവുള്ള ടാപ്പുകൾ കൂടുതൽ പേർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 20/12/2021 ലെ 401125/DPDC02/GENERAL/2021/6916(3) നമ്പർ കത്ത് പ്രകാരം ജല അതോറിറ്റിയോട് ആവശ്യപ്പെടുകയുണ്ടായി. ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർ 17/5/2022 ലെ D-15991/2022 നമ്പർ കത്ത് പ്രകാരം ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള പ്രവൃത്തിക്കായി 2,28,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുക ഒടുക്കുവാൻ ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഈ തുക പ്രവർത്തനക്ഷമമല്ലാത്ത 132 ടാപ്പുകൾക്ക് മുൻ മാസങ്ങളിൽ അടച്ച തുകയിൽ ക്രമീകരിക്കുവാൻ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നുവെങ്കിലും വാട്ടർ അതോറിറ്റി അധികൃതർ ടാപ്പുകൾ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കുടിവെള്ളക്കരം ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്നില്ല. സംയുക്ത പരിശോധന റിപ്പോർട്ട് തയ്യാറാക്കിയതിന് ശേഷമുള്ള കാലയളവിൽ ഗ്രാമ പഞ്ചായത്ത് സ്വമേധയാ കുടിവെള്ളക്കരം ഒടുക്കുന്നതിൽ കുറവ് വരുത്തിയിരുന്നു. എന്നാൽ ജല അതോറിറ്റി അധികൃതർ ബില്ലിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. 2023ഫെബ്രുവരി മുതൽ ഗ്രാമ പഞ്ചായത്തിന്റെ പ്രതിമാസ കുടിവെള്ളക്കരം 171228/-രൂപയിൽ നിന്നും 430704രൂപയായി വർദ്ധിക്കുകയുണ്ടായി. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കാത്തതിനാൽ ഈ തുകയുൾപ്പടെ കുടിശ്ശികയായി ചേർത്ത് ഫൈൻ ഉൾപ്പടെ 14,07,682/-രൂപയുടെ ഡിമാന്റ് നോട്ടീസാണ് ജല അതോറിറ്റി അധികൃതർ 2023മാർച്ച് മാസം ഗ്രാമ പഞ്ചായത്തിന് നൽകിയിട്ടുള്ളത്. 2021 നവംബർ

മാസം സംയുക്ത പരിശോധനയിൽ പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയ 132 പൊതു ടാപ്പുകൾ റദ്ദ് ചെയ്യുന്നതിനുള്ള പ്രവത്തിയ്ക്കുള്ള 241000/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പിന്നീട് 5/6/2023ൽ നല്കുകയും, ഗ്രാമ പഞ്ചായത്ത് 25/08/23ന് പ്രസ്തുത തുക ജല അതോറിറ്റിയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇതനുസരിച്ച് ടാപ്പുകൾ റദ്ദ് ചെയ്ത് കുടിവെള്ളക്കരം ക്രമീകരിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് 2021 നവംബർ മാസം സംയുക്ത പരിശോധനയിൽ പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയ 132 പൊതു ടാപ്പുകൾ റദ്ദ് ചെയ്ത് , പരിശോധന റിപ്പോർട്ട് തയ്യാറാക്കിയ 8/11/2021 മുതലുള്ള കുടിവെള്ളക്കരത്തിൽ ആനുപാതികമായ കുറവ് വരുത്തി പ്രതിമാസ ഡിമാന്റിൽ ക്രമീകരണം വരുത്തുവാൻ ജല അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ജല അതോറിറ്റി അധികൃതർ ഇനിയും നടപടി കൈക്കൊള്ളുന്നില്ലെങ്കിൽ ഇക്കാര്യം ഉചിതമാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) സംയുക്ത പരിശോധനയിൽ കണ്ടെത്തിയത് പ്രകാരം ഉപയോഗം കുറവുള്ള സ്ഥലങ്ങളിലെ ടാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ശുപാർശ വാട്ടർ അതോറിറ്റിക്ക് നൽകുവാൻ 29/11/2021ലെ 161/21 നമ്പർ പ്രകാരം ഭരണ സമിതി തീരുമാനിച്ചിരുന്നു. സംയുക്ത പരിശോധനയിൽ കണ്ടെത്തിയ ഇത്തരത്തിലുള്ള ടാപ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) ഒരു കുടുംബം മാത്രം ഉപയോഗിക്കുന്ന പൊതു ടാപ്പുകൾ = 37എണ്ണം

2) രണ്ട് കുടുംബം മാത്രം ഉപയോഗിക്കുന്ന പൊതു ടാപ്പുകൾ = 46എണ്ണം

3) മൂന്ന് കുടുംബം മാത്രം ഉപയോഗിക്കുന്ന പൊതു ടാപ്പുകൾ = 17എണ്ണം

4) നാല് കുടുംബം മാത്രം ഉപയോഗിക്കുന്ന പൊതു ടാപ്പുകൾ = 7എണ്ണം

മേൽ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നല്കുവാനുള്ള നടപടികൾ സ്വീകരിച്ച് ഇവിടങ്ങളിലെ പൊതു ടാപ്പുകൾ ഒഴിവാക്കുന്ന കാര്യവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ ജല അതോറിറ്റിക്ക് നിർദ്ദേശം നല്കേണ്ടതാണ്.

ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് പുരോഗതി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**<u>1-15 നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഗ്രാമ പഞ്ചായത്ത് സെക്രട്ടറി
ചുവടെ ചേർത്ത നിക്ഷേപ പ്രവൃത്തികൾക്കായി , KWA, KSEB എന്നീ സ്ഥാപനങ്ങളിൽ ഓഡിറ്റ് വർഷം 15,40,553/- രൂപ നിക്ഷേപിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | തുക |
|---|---|---|---|
| KWA | 20/23 ഉടുമ്പുന്തല മൊത്തക്കടവ് കോളനി ശുദ്ധജല പദ്ധതി | XVFC/22-23/P/31<br>22-12-2022 | 4,00,000/- |
| KSEB | 5/23 വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് ലൈൻ വിപുലീകരണം | XVFC/22-23/P/41<br>22-02-2023 | 11,00,000/- |
| | | 22201091/ 28-2-23 | 40,553/- |

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച്, മേൽ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ 15,40,553/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-16 തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ വിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.**

പ്രൊ.നം 170/23 – പ്രകാരം തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ നടത്തിപ്പിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം ഇനത്തിൽ 299556/-രൂപ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന് ചുവടെ ചേർത്ത പ്രകാരം കൈമാറിയിട്ടുണ്ട്.

| ബിൽ നം തിയതി (ACRപ്രകാരം) | തുക |
|---|---|
| 137/30.11.2022 | 1,46,750/- |
| 210/06.01.2023 | 1,39,350/- |
| 254/31.01.2023 | 13,456/- |
| ആകെ | 2,99,556/- |

പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ 2,99,556/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-17 ഡി.പി.സി ഹാൾ നിർമ്മാണം ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

(വികസനഫണ്ട് ജനറൽ-ട്രഷറി ബിൽ നം. 22200352003900845912 തി. 30.11.2022)

പ്രൊജക്റ്റ് നം 207/23 പ്രകാരം 3,00,000/- രൂപ ഡി.പിസി ഹാൾ നിർമ്മാണം വിഹിതമിനത്തിൽ ജില്ലാ ആസൂത്രണ സമിതിയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-18 കാലിത്തീറ്റ വിതരണം - സബ്സിഡി അനുവദിച്ചതിൽ അപാകത**

തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയുടെ ഭാഗമായി വെറ്റിനറിസർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാലിത്തീറ്റ വിതരണ പദ്ധതി (പ്രൊ.നം. 74/23) ഗ്രാമ പഞ്ചായത്തിലെ തൃക്കരിപ്പൂർ, വൈക്കത്ത് എന്നീ ക്ഷീര സംഘങ്ങൾ മുഖേനയാണ് നടപ്പാക്കിയത്. ക്ഷീര സംഘങ്ങൾ വിതരണം ചെയ്ത മിൽമയുടെ വിവിധയിനം കാലിത്തീറ്റയ്ക്ക് പദ്ധതി പ്രകാരം 50% സബ്സിഡി അനുവദിച്ചിട്ടുണ്ട്. കാലിത്തീറ്റയുടെ പർച്ചേസ് ഇൻവോയ്സുകളിൽ രേഖപ്പെടുത്തിയ M.R.P നിരക്കിലും, കുറവ് വരുത്തിയാണ് സംഘങ്ങൾക്ക് മിൽമ കാലിത്തീറ്റ അനുവദിച്ചിട്ടുള്ളതെങ്കിലും M.R.P നിരക്കിന് ആനുപാതികമായി ക്ഷീര സംഘങ്ങൾക്ക് സബ്സിഡി അനുവദിച്ചതിനാൽ 31,060/-രൂപയുടെ അധികച്ചെലവ് വികസന ഫണ്ടിൽ നിന്നും ഉണ്ടായിട്ടുണ്ട്. വിശദവിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-19 2021-22 വർഷം അനുവദിച്ച സബ്സിഡി ആനുകൂല്യം അക്കൗണ്ടിൽ ലഭ്യമാകാത്തവർക്ക് തൻവർഷം വീണ്ടും അനുവദിച്ചത്- ട്രഷറി ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.**

എ) ഓഡിറ്റ് വർഷം നടപ്പാക്കിയ കാലിത്തീറ്റ വിതരണ പദ്ധതിയിൽ (പ്രൊ.നം.74/23) ഉൾപ്പെടുത്തി, 2021-22വർഷം പദ്ധതി ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ലഭിക്കാതെ വന്നവർക്ക് ചുവടെ ചേർത്ത ബില്ലുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്..

- ട്രഷറി ബിൽ നം22200352016100582950/28/9/2022 ₹ 54,486/-

1) ബിന്ദു.എം - ₹6735/-

2) ചന്ദ്രൻ.എം- ₹ 4305/-

3) ഇബ്രാഹിം.സി- ₹ 4340/-

4) ഇസ്മയിൽ.ടി- ₹6200/-

5) കെ.വി.കൃഷ്ണൻ - ₹ 8017/-

6) കല്യാണി. എ - ₹ 4969/-

7) സൗദാമിനി - ₹ 10000/-

8) സുബൈദ - ₹ 8680/-

9) സുബൈദ യൂസഫ്- ₹1240/-

- ട്രഷറി ബിൽ നം2220035201610095678/05/01/2023 ₹ 1,140/- അബ്ദുൾ റഹ്മാൻ

2021-22വർഷം മേൽ തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യാതെ ഗവൺമെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തുവെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്നാൽ ഇതു സംബന്ധിച്ച ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 55626/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് റിക്വിസിഷൻ.നം. 1/ തിയതി. 28.11.2023)

**ബി)** 2021-22 വർഷം പശുവിതരണ പദ്ധതി പ്രകാരമുള്ള സബ്സിഡി തുക അനുവദിച്ച ഗീത ഉണ്ണികൃഷ്ണൻ, മീനാക്ഷി തയമ്പത്ത്, അഫ്സ കടവത്ത് പുരയിൽ, കമലാക്ഷി എം എന്നീ ഗുണഭോക്താക്കളുടെ വായ്പ അക്കൗണ്ടുകളിലേയ്ക്ക് സബ്സിഡി തുക ക്രഡിറ്റ് ചെയ്യാതെ ഗവൺമെന്റ് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തുവെന്ന കാരണത്താൽ തൻ വർഷം വീണ്ടും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. . തുക ലഭ്യമായിട്ടില്ലയെന്ന ധനകാര്യ സ്ഥാപനങ്ങളുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ പശു വിതരണ പദ്ധതിയിൽ (പ്രൊ.നം.76/23) ഉൾപ്പെടുത്തിയാണ് ആനുകൂല്യം ചുവടെ ചേർത്ത ട്രഷറി ബില്ല് പ്രകാരം വീണ്ടും അനുവദിച്ചിട്ടുള്ളത്

ട്രഷറി ബിൽ നം2220035201610065936/18/10/2022 ₹ 100000/-

| ഗുണഭോക്താവിന്റെ പേര് | തുക കൈമാറിയ ധനകാര്യ സ്ഥാപനം | അനുവദിച്ച തുക |
|---|---|---|
| ഗീത ഉണ്ണികൃഷ്ണൻ | ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് തൃക്കരിപ്പൂർ | 25000/- |
| മീനാക്ഷി തയമ്പത്ത് | കാനറ ബാങ്ക് ബാങ്ക് തൃക്കരിപ്പൂർ | 25,000/- |
| അഫ്സ കടവത്ത് | കേരള ഗ്രാമീണ ബാങ്ക് തൃക്കരിപ്പൂർ | 25,000/- |
| കമലാക്ഷി.എം | കേരള ഗ്രാമീണ ബാങ്ക് തൃക്കരിപ്പൂർ | 25,000/- |

എന്നാൽ 2021-22വർഷം അനുവദിച്ച സബ്സിഡി തുക ബന്ധപ്പെട്ട വായ്പാ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യാതെ ഗവൺമെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തുവെന്നത് സംബന്ധിച്ച ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ വരെ ചെലവ് തുക 100000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് റിക്വിസിഷൻ.നം. 1/ തിയതി. 28.11.2023)

**<u>1-20 പശുവിതരണ പദ്ധതി - അപാകത</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജ്ജൻ

ട്രഷറി ബിൽ നം2220035201610122055/21/02/2023 – ₹ 25000/-

ഓഡിറ്റ് വർഷം നടപ്പാക്കിയ പശു വിതരണ പദ്ധതി (പ്രൊ.നം.76/23) പ്രകാരം എള്ളത്ത് കുഞ്ഞികൃഷ്ണൻ എന്ന ഗുണഭോക്താവിനുള്ള സബ്സിഡി വിഹിതം ഇനത്തിൽ 25000/-രൂപ ഗുണഭോക്താവിന് വായ്പ അനുവദിച്ച തൃക്കരിപ്പൂർ കോ-ഓപ്പറേറ്റീവ് ബാങ്കിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട

ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അധികൃതർ നല്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ മേൽ പരാമർശിച്ച ഗുണഭോക്താവ് വായ്പാ തുക നാളിതുവരെ കൈപ്പറ്റിയിട്ടില്ലെന്ന് പരാമർശിച്ചിട്ടുണ്ട്. വായ്പാ ബന്ധിത പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഉറപ്പാക്കുവാൻ ഗുണഭോക്താവ് വായ്പാ കൈപ്പറ്റേണ്ടതുണ്ട്. വായ്പാ തുക വിനിയോഗിക്കാതെ ഗുണഭോക്താവ് ഏതു രീതിയിൽ പശുവിനെ വാങ്ങിയെന്നത് വ്യക്തമല്ല. ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് വായ്പാ തുക ഇനിയും കൈപ്പറ്റിയിട്ടില്ലെങ്കിൽ ബാങ്കിലേയ്ക്ക് അനുവദിച്ച സബ്സിഡി വിഹിതം തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 25000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-21 വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ കാർഷിക സാമഗ്രികൾ വാങ്ങി.</u>**

നിർവഹണം- കൃഷി ഓഫീസർ.

| ക്രമ നം. | പ്രൊജക്ട്നം. | പേര് | ആകെചെലവ് | BR No. | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|---|
| 1 | 100/23 | ഞങ്ങളും കൃഷിയിലേക്ക്-മഞ്ഞൾ ഗ്രാമം. | 3,60,000 (വികസന ഫണ്ട്) | 2200352016 001192845/ തീ.15.2.2023 | കാങ്കോൽ കാർഷിക സേവന കേന്ദ്രത്തിന്റെ ബിൽ നം. KSK1552/7.2.23 പ്രകാരം 3 Kg വീതമുള്ള 2000കിറ്റുകൾ നേരിട്ട് വാങ്ങി. |
| 2 | 104/23 | ഞങ്ങളും കൃഷിയിലേക്ക്-ചോളം കൃഷി വ്യാപനം | 1,05,000 (വികസന ഫണ്ട്) | 22200352016 000791799/ തീ.11.11.2022 | ഇക്കോ ഷോപ്പ് നീലേശ്വരത്തിന്റെ ബിൽ നം.556/ 28.10.2022പ്രകാരം 320 Kg ചോളവിത്ത് @ 330/Kg ക്ക് നേരിട്ട് വാങ്ങി. |
| 3 | 103/23 | ഞങ്ങളും കൃഷിയിലേക്ക്-നിലക്കടല കൃഷി വ്യാപനം | 2,99,200 (വികസന ഫണ്ട്) | 22200352016 000791794/ തീ.11.11.2022 | ഇക്കോ ഷോപ്പ് നീലേശ്വരത്തിന്റെ ബിൽ നം.556/28.10.2022പ്രകാരം 1360 Kg നിലക്കടല വിത്ത് @220/Kg-ക്ക് നേരിട്ട് വാങ്ങി. |

മേൽ മൂന്ന് പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>അപാകതകൾ</u>

1) മേൽ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി കാങ്കോൽ കാർഷിക സേവന കേന്ദ്രം, നീലേശ്വരം ഇക്കോ ഷോപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് നടീൽ സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഇവ 2022-23 വർഷത്തേക്ക് ബാധകമായ സ.ഉ.(കൈ) നം. 115/2022/ തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ ഉൾപ്പെട്ട നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളല്ല.

2) വാങ്ങിയ വസ്തുക്കളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3) സ്റ്റോക്ക് - ഇഷ്യൂ വിവരം ചേർത്തിട്ടില്ല. (Certification ന് വേണ്ടി തയ്യാറാക്കിയ സീലിൽ പോലും സ്റ്റോക്ക് സംബന്ധമായ വിവരം ഉൾപ്പെടുത്തിയിട്ടില്ല.)

4) പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/ 29-11-2023-ന് ലഭിച്ച മറുപടിയിൽ സ്റ്റോക്ക് വിവരം ചേർത്തു കാണിച്ചിട്ടുണ്ട്.
പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് , യൂണിറ്റ് കോസ്റ്റ് സംബന്ധമായ വ്യക്തമായ വിവരങ്ങൾ എന്നിവയും , സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടത്തിയതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ ചെലവു തുക 7,64,200 രൂപ (3,60,000+1,05,000+2,99,200) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-22 ഹോമിയോ ഡിസ്പെൻസറി -മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു.**

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ ഹോമിയോ

2022-2023 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നം 3/23 പ്രകാരം മെഡിക്കൽ ഓഫീസർ ഹോമിയോ 8,00,000/-രൂപ (ട്രഷറി ബിൽ നം. BRN 2220035201930065l456 തി.15.10.2022) മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. തൃക്കരിപ്പൂർ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് 4,50,000/- രൂപയുടെ മരുന്നും തൃക്കരിപ്പൂർ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് 3,50,000/- രൂപയുടെ മരുന്നും ലഭ്യമാക്കുന്നതിനാണ് 8,00,000/-രൂപ ഹോംകോയ്ക്ക് നൽകിയത്. എന്നാൽ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം നാളിതുവരെ 6,73,259/-രൂപയുടെ മരുന്നുകൾ മാത്രമേ ഹോംകോ മേൽ പരാമർശിച്ച രണ്ട് സ്ഥാപനങ്ങൾക്കുമായി ലഭ്യമാക്കിയിട്ടുള്ളൂ. ലഭ്യമായ മരുന്നിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം, തീയതി | തുക | മരുന്ന് ലഭിച്ച സ്ഥാപനത്തിന്റെ പേര് | ലഭ്യമാക്കാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|
| നം.LF/222, തീ: 09.06.2023 | ₹ 1,46,002/- | തൃക്കരിപ്പൂർ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി | ₹ 1,26,741/- |
| നം.LF/1106, തീ: 23.08.2023 | ₹ 1,77,257/- | | |
| **ആകെ** | **₹ 3,23,259/-** | | |
| നം.LF/239, തീ: 10.06.2023 | ₹ 1,44,878/- | തൃക്കരിപ്പൂർ ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) | ഇല്ല |
| നം.LF/1060, തീ: 21.08.2023 | ₹ 1,15,818/- | | |
| നം.LF/2218, തീ: 27.11.2023 | ₹ 89,304/- | | |
| **ആകെ** | **₹ 3,50,000/-** | | |
| | | **ആകെ ലഭ്യമാക്കാനുള്ള മരുന്നുകളുടെ തുക** | ₹ 1,26,741/- |

1,26,741/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ഇൻവോയ്സും, സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ 1,26,741/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-23 വൾവക്കാട് വി കെ പി റോഡ് ഡ്രൈനേജ് നിർമ്മാണം വ്യത്യസ്ത പ്രൊജക്ടുകളായി നിർവ്വഹണം നടത്തി- ചെയിനേജ് വിവരം ലഭ്യമല്ല- സൈറ്റ് പ്ലാൻ പ്രകാരം ഒരേ സ്ഥലത്ത് രണ്ട് പ്രവൃത്തികൾ**

**നടപ്പാക്കി.**

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

2022-2023 സാമ്പത്തിക വർഷത്തിൽ വൾവക്കാട് വി കെ പി റോഡ് ഡ്രൈനേജ് നിർമ്മാണ പ്രവൃത്തി രണ്ട് പ്രൊജക്ടുകളായാണ് നടപ്പാക്കിയത്. രണ്ട് പ്രവൃത്തികളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | വൾവക്കാട് വി കെ പി ഡ്രൈനേജ് പുനരുദ്ധാരണം<br>( പ്രൊജക്ട് നമ്പർ. 180/22& 36/23) | വൾവക്കാട് വി കെ പി റോഡ് ഡ്രൈനേജ് പൂർത്തീകരണം<br>( പ്രൊജക്ട് നമ്പർ. 139/23) |
| അടങ്കൽ, ഫണ്ട്. | ₹ 5,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡ്). | ₹6,00,000/- (₹ 430106/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് + ₹ 169894/- തനത് ഫണ്ട്) |
| എസ്റ്റിമേറ്റ്. | ₹ 5,00,000/-, EST No: 2021/56325 | ₹5,84,000/-, EST No: 61472/2022 |
| ചെയിനേജ് | ചെയിനേജ് വിവരം എസ്റ്റിമേറ്റ്, എം. ബുക്ക്, ബിൽ, പ്രൊജക്ട് റിപ്പോർട്ട് എന്നിവയിലൊന്നും രേഖപ്പെടുത്തിയിട്ടില്ല. | ചെയിനേജ് വിവരം എസ്റ്റിമേറ്റ്, എം. ബുക്ക്, ബിൽ, പ്രൊജക്ട് റിപ്പോർട്ട് എന്നിവയിലൊന്നും രേഖപ്പെടുത്തിയിട്ടില്ല. |
| കരാറുകാരന്റെ പേര് | ശ്രീ.എം.വി.കുഞ്ഞിക്കോരൻ | ശ്രീ.എം.വി.കുഞ്ഞിക്കോരൻ |
| ക്വോട്ട് ചെയ്ത തുക | ₹ 3,83,717/- | ₹ 488149/- |
| എം. ബുക്ക് നം. | 248/20-21 | ഇ എം. ബുക്ക് |
| ആകെ അളവ് മൂല്യം | ₹3,76,494.22 | ₹ 276082.40/- (ഒന്നാമത്തെ പാർട്ട് ബിൽ) |
| പ്രവൃത്തിക്കായി ചെലവഴിച്ച തുക | ₹ 417376/-<br>(BRN 22200352006200708162 തീ: 28.10.2022) | ₹ 169894/- ചെക്ക് നം. 01056870<br>തീ:31.03.2023 (തനത് വിഹിതം) |

പ്രൊജക്ട് നമ്പർ. 36/23, 139/23 എന്നിവ പ്രകാരം നടപ്പാക്കിയ ഡ്രൈനേജ് നിർമ്മാണ പ്രവൃത്തി നടപ്പാക്കിയത് ഏത് ചെയിനേജിനിടക്കാണ് എന്ന വിവരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, എം. ബുക്ക്, ബിൽ, പ്രൊജക്ട് റിപ്പോർട്ട് എന്നിവയിലൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ പ്രവൃത്തികളുടെ വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന സൈറ്റ് പ്ലാൻ പ്രകാരം പ്രൊജക്ട് നമ്പർ. 36/23 (എസ്റ്റിമേറ്റ് നം 2021/56325) പ്രകാരം ചെയ്യാനുദ്ദേശിക്കുന്ന 90 മീറ്റർ ഡ്രൈനേജ് നിർമ്മാണം കുന്നമംഗലം റോഡിലുള്ള Existing Pipe Culvert നെ തുടർന്നാണ് New Drain 90m എന്ന് മാർക്ക് ചെയ്തിരിക്കുന്നത്. ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 87.50 മീറ്റർ ഡ്രൈനേജ് നിർമ്മാണം നടത്തിയിട്ടുണ്ട്. ( 87.50 മീറ്റർ ഡ്രൈനേജ് നിർമ്മാണം നടത്തിയതിന്റെ ചെയിനേജ്/റീച്ച് വിരങ്ങൾ അളവ് പുസ്തകത്തിൽ കാണിച്ചിട്ടില്ല). പ്രൊജക്ട് നമ്പർ. 139/23 (എസ്റ്റിമേറ്റ് നം EST No: 61472/2022) പ്രകാരം ചെയ്യാനുദ്ദേശിക്കുന്ന 91മീറ്റർ ഡ്രൈനേജ് നിർമ്മാണത്തിൽ 21 മീറ്റർ മെനോക്ക് കുണ്ടംതട്ട് വൽവക്കാട് റോഡിൽ നിന്നും തുടങ്ങുന്ന ഫൂട്ട് പാത്തിനെ തുടർന്നും ശേഷിക്കുന്ന 70 മീറ്റർ കുന്നമംഗലം റോഡിലുള്ള Existing Pipe Culvert നെ തുടർന്നുമാണ് മാർക്ക് ചെയ്തിരിക്കുന്നത്. ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം, ഒന്നാമത്തെ പാർട്ട് ബിൽ വരെ, 87.75മീറ്റർ ഡ്രൈനേജ് നിർമ്മാണം നടത്തിയിട്ടുണ്ട്. ( 87.75 മീറ്റർ ഡ്രൈനേജ് നിർമ്മാണം നടത്തിയതിന്റെ ചെയിനേജ്/റീച്ച് വിരങ്ങൾ അളവ് പുസ്തകത്തിൽ കാണിച്ചിട്ടില്ല).

ഈ പ്രവൃത്തികളുടെ വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന സൈറ്റ് പ്ലാൻ പ്രകാരം കുന്നമംഗലം റോഡിലുള്ള Existing Pipe Culvert നെ തുടർന്നുള്ള ഭാഗം രണ്ട് പദ്ധതിയിലും ഉൾപ്പെട്ടിട്ടുണ്ട്. അതായത് പ്രൊജക്ട് നമ്പർ. 36/23 പ്രകാരം നിർമ്മിച്ച 90 മീറ്റർ ഡ്രൈനേജും , പ്രൊജക്ട് നമ്പർ. 139/23 പ്രകാരം നിർമ്മിച്ച 87.75m ഡ്രൈനേജും ഒരേ സ്ഥലത്താണ്. ഇതു സംബന്ധിച്ച് വിശദീകരണം നൽകാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം. 13 തിയതി 01.12.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ (No.AE/TKR/AUDIT/23-24 Dt: 05.12.2023) പ്രൊജക്ട് നമ്പർ. 36/23 പ്രകാരം പൂർത്തിയാക്കിയ ഡ്രൈനേജ് നിർമ്മാണം നടത്തിയത് 0/076.5 Km മുതൽ 0/163.90 Km വരെയും (87.40 മീറ്റർ നീളത്തിൽ) പ്രൊജക്ട് നമ്പർ 139/23 പ്രകാരം പൂർത്തിയാക്കിയ ഡ്രൈനേജ് നിർമ്മാണം നടത്തിയത് 0/063 Km മുതൽ 0/076.50 Km വരെയും 0/163.90 Km മുതൽ 0/207.75 Km വരെയും 0/212.75 Km മുതൽ 0/243.15 Km വരെയും ( 87.75മീറ്റർ നീളത്തിൽ) ആണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഭാവിയിൽ പദ്ധതികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ കൃത്യമായ ചെയിനേജ്/റീച്ച് വിരങ്ങൾ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, എം. ബുക്ക്, ബിൽ, പ്രൊജക്ട് റിപ്പോർട്ട് എന്നിവയിലെല്ലാം രേഖപ്പെടുത്തേണ്ടതാണ്.

## 1-24 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങൾക്ക് 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളുടെ സാമഗ്രികളുടെ തുക നൽകിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക(₹) | കരാറുകാരന്റെ പേര് | ആദായ നികുതി ഈടാക്കേണ്ടിയിരുന്ന തുക (₹) |
|---|---|---|---|---|---|
| 1 | വിപണന കേന്ദ്രം നിർമ്മാണം- വാർഡ് 4 (വർക്ക് കോഡ് 262579) | FTO 161028 തീ: 03.09.2022 (₹ 12120/-)<br>FTO 161029 തീ: 03.09.2022 (₹ 119263/-) | ₹ 239473/- | വിശാൽ.കെ | 2395 |
| 2 | മൊത്തക്കടവ് കണ്ണങ്കൈ പാലം റോഡ് നിർമ്മാണം (വർക്ക് കോഡ് 294468) | FTO 161030 തീ: 03.09.2022 | ₹ 132090/- | ജനാർദ്ദനൻ.പി.വി | 1321 |
| 3 | മൊട്ടമ്മൽ തീരദേശ റോഡ് നിർമ്മാണം | FTO 16134 തീ: 25.08.2022 | ₹ 120566/- | പദ്മനാഭൻ.പി.എം | 1206 |

| | | | | | |
|---|---|---|---|---|---|
| | (വർക്ക് കോഡ് 325439) | | | | |
| 4 | മൊട്ടമ്മൽ ബീരച്ചേരി റോഡ് ഡ്രൈനേജ് (വർക്ക് കോഡ് 325854) | FTO 161027 തീ: 30.09.2022 | ₹ 104894/- | ജനാർദ്ദനൻ.പി.വി | 1049 |
| 5 | ബീരച്ചേരി മന പള്ളത്തിൽ റോഡ് നിർമ്മാണം (വർക്ക് കോഡ് 294452) | FTO 16403 തീ: 29.10.2022 | ₹ 151020/- | പദ്മനാഭൻ.പി.എം | 1510 |
| 6 | ഉപ്പ് വെള്ളം കയറുന്നതിന് റോഡ് നിർമ്മാണം (വർക്ക് കോഡ് 406401) | FTO 161035 തീ: 03.09.2022 | ₹ 117861/- | ജനാർദ്ദനൻ.പി.വി | 1179 |
| 7 | കാവിലോട്ട് ചങ്ങാട്ട് കുഞ്ഞിമെട്ട റോഡ് നിർമ്മാണം (വർക്ക് കോഡ് 294565) | FTO 16765 തീ: 18.05.2022 | ₹ 193320/- | പദ്മനാഭൻ.പി.എം | 1933 |
| | | | | **ആകെ** | **10593** |

സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം 14 തീയതി 01.12.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**<u>1-25 പാലിന് സബ്സിഡി- പാൽ അളക്കാത്ത വ്യക്തിക്ക് സബ്സിഡിയിനത്തിൽ തുക നൽകി.</u>**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 73/2023 |
| പ്രോജക്റ്റിന്റെ പേര് | പാലിന് സബ്സിഡി |
| വകയിരുത്തൽ | വികസന ഫണ്ട്(സാധാ) 5,00,000/- |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2,50,000/- |
| | ജില്ലാ പഞ്ചായത്ത് വിഹിതം 30,231/- |
| ആകെ ചെലവ് തുക | 7,80,231/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് അവർ അളക്കുന്ന പാലിന് ആനുപാതികമായി (ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ എന്ന നിരക്കിൽ) സബ്സിഡി നൽകുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന മേൽ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ള അഞ്ച് ക്ഷീരസംഘങ്ങളുടെ പരിധിയിൽ പെടുന്ന ക്ഷീര കർഷകർക്ക് ക്ഷീരസംഘങ്ങൾ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷത്തിൽ 10 തവണയായി സബ്സിഡിയിനത്തിൽ 7,80,231/- രൂപ നൽകിയിട്ടുണ്ട്.

ഫയലുകൾ പരിശോധിച്ചതിൽ 2022 ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലേക്കായി ട്രഷറി ബിൽ നം.22003520218008910031/11.12.2022 പ്രകാരം 12 ക്ഷീരകർഷകർക്ക് 52,670/- രൂപ സബ്സിഡിയിനത്തിൽ നൽകിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവിലേക്കായി നാല് ക്ഷീരസംഘങ്ങൾ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം ക്ഷീരകർഷകർക്ക് നൽകേണ്ടുന്ന സബ്സിഡി തുകയ്ക്ക് പുറമേ ലിസ്റ്റിൽ ഉൾപ്പെടാത്ത ഒരു വ്യക്തിക്ക് 4908/- രൂപ നൽകിയതായി കാണുന്നുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-26 സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം - FTE&OS ലൈസൻസ് നേടിയിട്ടില്ല.**

| **പ്രോജക്ട് നമ്പർ** | 66/2023 (SO) | 95/2023 |
|---|---|---|
| **പ്രോജക്ടിന്റെ പേര്** | വ്യക്തിഗത സംരംഭം - വനിത | വനിതകൾക്ക് വ്യക്തിഗത സ്വയംതൊഴിൽ സംരംഭങ്ങൾ (പട്ടികജാതി വിഭാഗം) |
| **വകയിരുത്തൽ** | വികസന ഫണ്ട് (സാധാ) 50,000/- | വികസന ഫണ്ട്(എസ് സി പി) 1,80,000/- |
| **ചെലവ്** | 50,000/- | 1,80,000/- |
| **നിർവ്വഹണോദ്യോഗസ്ഥൻ** | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ പ്രോജക്ടുകൾ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | ആരംഭിച്ച സംരംഭം | അനുവദിച്ച സബ്സിഡി |
|---|---|---|---|
| 01 | ഷാഹിന എം ടി പി W/O സലാഹുദ്ദീൻ മെട്ടമ്മൽ ഈസ്റ്റ് | ടൈലറിങ് & ഗാർമെന്റ് യൂണിറ്റ് | 50,000 |
| 02 | ഹബീബ എൻ W/O ഉനൈസ് എ സി എൻ കെ ഹൗസ് ആയിറ്റി | പലഹാര യൂണിറ്റ് | 50,000 |
| 03 | സുമയ്യ എം | പലഹാര യൂണിറ്റ് | 50,000 |

| | | | |
|---|---|---|---|
| | W/O ഷംഷുദ്ദീൻ കെ പി<br>സുഹറ മൻസിൽ<br>ആയിറ്റി | | |
| 04 | സുജയ പി പി<br>W/O ടി പി പ്രഭാകരൻ<br>നോർത്ത് കൊവ്വൽ<br>തൃക്കരിപ്പൂർ | അച്ചാർ നിർമ്മാണ യൂണിറ്റ് | 50,000 |
| 05 | രജിത ബി<br>W/O വത്സരാജൻ<br>തൃക്കരിപ്പൂർ | ഗാർമെന്റ്സ് യൂണിറ്റ് | 50,000 |
| 06 | രതിക ടി<br>തായമ്പത്ത് ഹൗസ്<br>ഒളവറ<br>ഉടുംമ്പുതല | ടൈലറിങ് & ഗാർമെന്റ്സ് യൂണിറ്റ് | 50,000 |
| 07 | സബൂറ<br>W/O ഷിഹാവുദ്ദീൻ<br>സമീറ മൻസിൽ<br>ആയിറ്റി | പലഹാര യൂണിറ്റ് | 50,000 |
| 08 | സമീറ എ പി<br>W/O മുനവ്വീർ പി എം<br>സമീറ മൻസിൽ<br>ആയിറ്റി | കേക്ക് നിർമ്മാണം | 50,000 |
| 09 | രാജമ്മ സി<br>തൈക്കീൽ (ഹൗസ്)<br>വെള്ളാപ്പ് റോഡ്<br>നോർത്ത് തൃക്കരിപ്പൂർ | സോപ്പ് നിർമ്മാണം | 90,000 |
| 10 | രേഖ കെ<br>മധുരംങ്കൈ ഹൗസ്<br>ഇളമ്പച്ചി | പലഹാര യൂണിറ്റ് | 90,000 |
| 11 | റംലത്ത് എം<br>D/O അസൈനാർ<br>കാവില്യാട്ട്<br>തൃക്കരിപ്പൂർ | പലഹാര യൂണിറ്റ് | 70,000 |
| 12 | ഷൈമ എം<br>W/O വിനീഷ് കെ വി<br>എം ആർ സി ഹൗസ് | പലഹാര യൂണിറ്റ് | 70,000 |

| | | | |
|---|---|---|---|
| | മീലിയാട്ട് | | |
| 13 | ആബിദ എൻ<br>മണിയനോടി<br>നിയർ രാജീവ്ഗാന്ധി ഫാർമസി കോളേജ്<br>തൃക്കരിപ്പൂർ | പലഹാര യൂണിറ്റ് | 70,000 |
| 14 | സുമതി എം<br>W/O സി വിജയൻ<br>പേക്കടം<br>തൃക്കരിപ്പൂർ | ടൈലറിങ് ഷോപ്പ് | 70,000 |
| 15 | മിസിരിയ എൻ<br>മുഹമ്മദ് മൻസിൽ<br>ആയിറ്റി | വേവ് മരുന്ന് | 70,000 |
| 16 | തസ്ലീമ കെ വി<br>ശാമീം മൻസിൽ<br>ആയിറ്റി പി ഒ | പലഹാര യൂണിറ്റ് | 70,000 |
| 17 | ഉമ്മുസൽമ്മ കെ എൻ പി<br>ചാലക്കോട് ഹൗസ്<br>ആയിറ്റി | പേപ്പർ പെൻ & ഡിഷ് വാഷ് യൂണിറ്റ് | 70,000 |
| 18 | ഹസീന എൻ<br>ആഷികാം ഹൗസ്<br>ആയിറ്റി | ബേക്ക് & കേക്ക് നിർമ്മാണം | 70,000 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) സംരംഭം ആരംഭിച്ചതിന് ശേഷം ലോൺതുക കൃത്യമായി പ്രതിമാസ തിരിച്ചടവ് വരുത്തുന്ന വിവരം അറിയിക്കണമെന്ന് ഗുണഭോക്താക്കളുമായി ചമച്ച കരാറിൽ വ്യവസ്ഥ ചെയ്യുതിരുന്നെങ്കിലും പാസ്ബുക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ലോൺ തിരിച്ചടവ് മുടക്കുകയോ സംരംഭം പാതിവഴിയിൽ അവസാനിപ്പിക്കുകയോ ചെയ്താൽ ലോൺതുകയും പലിശയും ഗുണഭോക്താക്കളിൽ നിന്നും നിയമനടപടിയിലൂടെ ഈടാക്കുന്നതിന് മേൽ രേഖകൾ ആവശ്യമാണെന്നതിനാൽ തിരിച്ചടവ് വിവരങ്ങൾ ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മേൽ സംരംഭങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ പട്ടികയിലെ മിക്ക ഗുണഭോക്താക്കളും ഭക്ഷ്യ സംബന്ധമായ സംരംഭമാണ് ആരംഭിച്ചിട്ടുള്ളത്. ആയതിനാൽ 02.05.2022 ലെ ഡബ്ള്യൂ എം1/262/2022-തസ്വഭവ പരിപത്രത്തിലെ നിർദേശങ്ങൾ നിലവിലിരിക്കെ ഭക്ഷ്യ യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കാതെ പഞ്ചായത്ത് പദ്ധതി പ്രകാരം തന്നെ പ്രവർത്തനാനുമതി നൽകിയത് തെറ്റായ പ്രവണതയാണെന്ന കാര്യം ഓഡിറ്റിൽ

ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ മേൽ സംരംഭകരുടെ പ്രവർത്തനം ചട്ടവിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 12/30.11.2023)

## 1-27 വിദ്യാർത്ഥികൾക്ക് പഠനമുറി - മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ ധനസഹായം നൽകി.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 87/2023 |
| പ്രോജക്റ്റിന്റെ പേര് | വിദ്യാർത്ഥികൾക്ക് പഠന മുറി |
| വകയിരുത്തൽ | വികസന ഫണ്ട്(എസ് സി പി) 8,00,000/- |
| ചെലവ് | ബിൽനമ്പർ. 22200352012200994270 തീയ്യതി.04.01.2023 തുക 1,50,000/- |
| | ബിൽനമ്പർ. 22200352012201219211 തീയ്യതി.21.02.2023 തുക 75,000/- |
| | ബിൽനമ്പർ. 22200352012201362040തീയ്യതി.15.03.2023 തുക 75,000/- |
| | ബിൽനമ്പർ. 22200352012201521738തീയ്യതി.27.03.2023 തുക 75,000/- |
| | ബിൽനമ്പർ. 22200352012201549537തീയ്യതി.29.03.2023 തുക 1,50,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കാൻ രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നതിനാണ് മേൽ പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നത്. എസ് സി വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യം വച്ച് കൊണ്ട് വിഭാവനം ചെയ്ത മേൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഭരണസമിതിയുടെ 17.10.2022 ലെ 1/1/2022 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേരും വിലാസവും | നൽകിയ തുക |
|---|---|---|
| 01 | അനിൽ വി<br>S/O ഷീബ<br>ഒളവറ<br>മാവിലങ്ങാട് കോളനി<br>(വാർഡ് നം. 11) | 1,25,000 |
| 02 | ആര്യ ഇ<br>D/O അനിത കുമാരി<br>ഒളവറ<br>മാവിലങ്ങാട് | 2,00,000 |

| | | |
|---|---|---|
| | (വാർഡ് നം. 12) | |
| 03 | അമൽദേവ് സി<br>S/O അനൂപ് പി<br>കരീക്കടവ്<br>ഉടുമ്പുന്തല<br>(വാർഡ് നം. 13) | 2,00,000 |
| | **ആകെ** | **5,25,000/-** |

മേൽപദ്ധതിയുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1) മേൽ ഗുണഭോക്താക്കൾ പഠന മുറി നിർമ്മിക്കാൻ പെർമ്മിറ്റ് എടുത്തതിന്റെ വിശദാംശങ്ങൾ.

2) 28.05.2022 തീയ്യതിയിലെ സ ഉ (കൈ) നം.115/2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം പഠനമുറിക്കുള്ള മുൻകൂർ ധനസഹായമായി 50,000 രൂപ നൽകിയ ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75,000 രൂപ വീതമുള്ള രണ്ട് ഗഡുക്കളായി തുടർന്നുള്ള ധനസഹായം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ മേൽപട്ടികയിലെ ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ധനസഹായം നൽകുമ്പോൾ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. എഞ്ചിനീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ ധനസഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.16/01.12.2023). ആയതിനാൽ മറുപടിയുടേയും രേഖകളുടേയും അഭാവത്തിൽ ചെലവ് തുകയായ 5,25,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-28 വയോജനങ്ങൾക്ക് കട്ടിൽ - വിതരണ വിവരം ലഭ്യമാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 88/2023 |
| പ്രോജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ (പട്ടികജാതി വിഭാഗം) |
| വകയിരുത്തൽ | വികസന ഫണ്ട്(എസ് സി പി) 1,30,500/- |
| ചെലവ് | ബിൽ നം. 22200352012201547157 തീയ്യതി.28.03.2023 തുക 75,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

